ഭരണഭാഷ – മാതൃഭാഷ

No.TRY/6084/2024-F4(352502)

ട്രഷറി ഡയറക്ടറേറ്റ്
തിരുവനന്തപുരം,
11-03-2026

പ്രേഷകൻ

ട്രഷറി ഡയറക്ടർ

സ്വീകർത്താവ്

എല്ലാ ജില്ലാ/സബ് ട്രഷറി ഓഫീസർമാർക്കും

സർ,

വിഷയം: ട്രഷറി വകുപ്പ്-കാലാവധി പൂർത്തിയാക്കിയ വ്യക്തിഗത ട്രഷറി സ്ഥിരനിക്ഷേപങ്ങൾ ദീർഘ നാളുകളായി പിൻവലിക്കാതെ അവശേഷിക്കുന്നവ പുതുക്കി നൽകുന്നത്–സംബന്ധിച്ച്.

സൂചന: 1. സ.ഉ.(അച്ചടി) നമ്പർ 153/2025/ധന തീയതി 18/12/2025.

2. ഈ കാര്യാലയത്തിൽ നിന്നുള്ള 31/12/2025-ലെ ഇതെ നമ്പർ കത്ത്.

3. 28/02/2026-ലെ 2991986/എസ്.എൽ-1/65/2025/ധന നമ്പർ സർക്കാർ കത്ത്.

വിഷയത്തിലേക്കും സൂചനകളിലേക്കും താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. ട്രഷറികളിലെ വ്യക്തിഗത സ്ഥിരനിക്ഷേപങ്ങളുടെ കാലാവധി പൂർത്തിയായി ഒരു വർഷത്തിനുള്ളിൽ അപേക്ഷ സമർപ്പിക്കാത്ത സാഹചര്യത്തിൽ അവ പുതുക്കി നൽകേണ്ടതില്ലായെന്നും പകരം നിലവിലുള്ള സ്ഥിരനിക്ഷേപം ക്ലോസ് ചെയ്തശേഷം പുതിയ സ്ഥിരനിക്ഷേപമായി ആരംഭിക്കേണ്ടതുമാണെന്ന് സൂചന (1) പ്രകാരം സർക്കാർ നിർദ്ദേശിച്ചിരുന്നു. എന്നാൽ മേൽ ഉത്തരവിൽ കൃത്യമായ സമയപരിധി നിഷ്കർഷിച്ചിട്ടില്ലാതിരുന്നതിനാൽ ഉത്തരവ് തീയതിയായ 18/12/2025 മുതൽ ട്രഷറികളിൽ സമർപ്പിക്കപ്പെടുന്ന അപേക്ഷകളിൽ മേൽ നിബന്ധന ബാധകമാവുന്നതാണെന്ന് ഈ കാര്യാലയത്തിൽ നിന്നും സൂചന (2) പ്രകാരം അറിയിച്ചിട്ടുള്ളതാണ്.

ട്രഷറികളിലെ വ്യക്തിഗത സ്ഥിരനിക്ഷേപങ്ങളുടെ കാലാവധി പൂർത്തിയായി ഒരു വർഷത്തിനുള്ളിൽ അപേക്ഷ സമർപ്പിക്കാത്ത സാഹചര്യത്തിൽ അവ പുതുക്കി നൽകേണ്ടതില്ലായെന്നും പകരം നിലവിലുള്ള സ്ഥിരനിക്ഷേപം ക്ലോസ് ചെയ്തശേഷം പുതിയ സ്ഥിരനിക്ഷേപമായി ആരംഭിക്കേണ്ടതുമാണെന്ന സൂചന (1) പ്രകാരമുള്ള സർക്കാർ നിർദ്ദേശം പ്രസ്തുത ഉത്തരവ് തീയതിക്കുശേഷം (18/12/2025) കാലാവധി പൂർത്തിയാകുന്ന സ്ഥിരനിക്ഷേപങ്ങൾക്ക് മാത്രം ബാധകമാക്കേണ്ടതാണെന്ന സ്പഷ്ടീകരണം സൂചന (3) പ്രകാരം സർക്കാർ നൽകിയിട്ടുണ്ട്.

നിലവിൽ കാലാവധി പൂർത്തിയായിട്ടുള്ളവയുടെയും കാലാവധി പൂർത്തിയാകുവാൻ പോകുന്നവയുമായ സ്ഥിരനിക്ഷേപങ്ങളുടെയും വിവരങ്ങൾ ട്രഷറി തലത്തിൽ തന്നെ കണ്ടെത്തുന്നതിനുള്ള സൗകര്യം **CoreTSB -യിൽ Report >>Miscellaneous Report >> FD Report** എന്ന മെനു മുഖേന ഇപ്പോൾ ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിലെ വിവരങ്ങൾ പരിശോധിച്ച് കാലാവധി പൂർത്തിയായിട്ടും ക്ലോസ് ചെയ്യപ്പെടാതെ അവശേഷിക്കുന്ന നിക്ഷേപ ഉടമകളെ/അവകാശികളെ കണ്ടെത്തി അടിയന്തരമായി നിക്ഷേപം പുതുക്കി നിക്ഷേപിക്കുന്നതിനോ/ക്ലോസ് ചെയ്യുന്നതിനോ ഉള്ള നടപടികൾ എല്ലാ എസ്.ബി പാസിങ് ഓഫീസർമാരും/ട്രഷറി ഓഫീസർമാരും സ്വീകരിക്കേണ്ടതാണ്.

കാലാവധി പൂർത്തിയാകുവാൻ പോകുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരങ്ങൾ ഭാവിയിൽ നിക്ഷേപകരെ **SMS** മുഖേന അറിയിക്കുന്നതിനുള്ള നടപടികൾ ട്രഷറി ഡയറക്ടറേറ്റ് തലത്തിൽ പുരോഗമിച്ച് വരുന്നതിനാൽ നിലവിലുള്ള എല്ലാ സ്ഥിരനിക്ഷേപങ്ങളും മേൽ പരാമർശിച്ച വിധത്തിൽ പരിശോധിച്ച് പ്ലെഡ്ജ്ഡ് വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്താതെ വ്യക്തിഗത നിക്ഷേപങ്ങളായി ഇപ്പോഴും തുടരുന്നവ കണ്ടെത്തി പ്ലെഡ്ജ്ഡ് വിവരങ്ങൾ ഉൾപ്പെടുത്തി അപ്ഡേറ്റ് ചെയ്യുന്നതിനുള്ള നടപടികൾ എല്ലാ എസ്.ബി പാസിങ് ഓഫീസർമാരും/ട്രഷറി ഓഫീസർമാരും സ്വീകരിക്കേണ്ടതും പ്രസ്തുത ജോലികൾ **31/05/2026-ന്** മുൻപായി പൂർത്തീകരിക്കേണ്ടതുമാണ്.

കൂടാതെ ***"18/12/2025-നു ശേഷം കാലാവധി പൂർത്തിയാകുന്ന ട്രഷറി വ്യക്തിഗത സ്ഥിരനിക്ഷേപങ്ങൾ കാലാവധി പൂർത്തിയാക്കി ഒരു വർഷത്തിനുള്ളിൽ അപേക്ഷ സമർപ്പിക്കാത്തപക്ഷം പുതുക്കി ലഭിക്കുന്നതല്ല"*** എന്ന വിവരം നിക്ഷേപകരുടെ അറിവിലേക്കായി നോട്ടീസ് ബോർഡുകളിൽ പ്രദർശിപ്പിക്കുന്നതിനുള്ള നടപടികളും എല്ലാ ട്രഷറി ഓഫീസർമാരും സ്വീകരിക്കേണ്ടതാണ്.

വിശ്വസ്തതയോടെ

Digitally signed by
SAJAN V
Date: 11-03-2026
17:19:52

**V SAJAN**

**DIRECTOR**

പകർപ്പ് :-

എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും

---

Directorate of Treasuries, Pattom, Pattom Palace.P.O, Thiruvananthapuram, Kerala 695004
www.treasury.kerala.gov.in, Email:treasury@kerala.gov.in
Ph: 0471-2323963,2322712 , FAX:0471-2324229